**Malayalam Research Journal**

**Volume 12  Issue 1**

**January – April, 2019**

മലയാളം റിസേർച്ച് ജേണൽ

വാല്യം 12 ലക്കം 1

ജനുവരി-ഏപ്രില് 2019

ആധുനിക കലാചരിത്രം കേരളീയസന്ദർഭം

ഇഷ്യു എഡിറ്റർ: ബിബിൻ ബാലചന്ദ്രൻ

# Contents


| | | |
|---|---|---|
| ആധുനിക കലാചരിത്രം കേരളീയ സന്ദർഭം | 4235 | ബിപിൻ ബാലചന്ദ്രൻ |
| ചിത്രവും ചിത്രീകരണവും | 4240 | ആർ. നന്ദകുമാർ |
| കലാകാരൻ എന്ന 'പലവക'യും സാക്ഷരമനുഷ്യന്റെ കലാചരിത്രവും | 4258 | കവിത ബാലകൃഷ്ണൻ |
| Form and the Art of the Possible: Genealogies of the Human Figure in Contemporary Art in Kerala | 4279 | Ajay S. Sekher |
| Monuments of love and hate: completion of nihilism in K.P. Soman | 4293 | Sandip K. Luis |
| സദാചാരം, നഗ്നത, കല | 4258 | ഷാജു നെല്ലായി |
| കലാലോകം എന്ന സങ്കൽപ്പവും 'മലയാളി-കലയുടെ' ചരിത്രവൽക്കരണവും | 4337 | സുധീഷ് കോട്ടേമ്പ്രം |
| പരസ്യം പതിക്കരുത്: ചുവരെഴുത്തിന്റെ കല ഭാവുകത്വപരിണാമത്തിന്റെ നൂറ്റാണ്ടുകളിൽ | 4353 | സ്വപ്ന ശ്രീനിവാസൻ |
| വാക്കും ദൃശ്യവും: കേരളത്തിലെ ആധുനിക കലാവ്യവഹാരത്തിന്റെ രൂപപ്പെടൽ | 4369 | ബിപിൻ ബാലചന്ദ്രൻ |

# Abstract & Keywords

ചിത്രവും ചിത്രീകരണവും

ആര്. നന്ദകുമാര്

സംഗ്രഹം

കേരളത്തിലെ ജനപ്രിയ ചിത്രകാരനായ നമ്പൂതിരിയുടെ ചിത്രീകരണങ്ങളുടെ വിശകലനത്തിലൂടെ, അറുപതുകളില് കേരളത്തിലെ ചിത്രകലയില് ആരംഭിച്ച ആധുനികത, സാക്ഷരമാധ്യമസംവേദനത്വത്തിന്റെ സൃഷ്ടിയായിരുന്നുവെന്ന് നിരീക്ഷിക്കുന്നു. പത്ര-മാസികകളിലൂടെ ആധുനിക കലയെന്ന പേരില് പ്രചാരം നേടിയ ചിത്രീകരണ സമ്പ്രദായം യഥാര്ഥത്തില് പരസ്യചിത്രങ്ങളും സൈന്ബോര്ഡുകളും മറ്റും ചേര്ന്ന ബഹുജന സംസ്കാരത്തെയും അത് പ്രചാരത്തിലാക്കിയിട്ടുള്ള ദൃശ്യസംവേദന ശീലങ്ങളെയും കച്ചവടമൂല്യങ്ങളെയുംതന്നെയാണ് പിന്താങ്ങുന്നതെന്ന് ലേഖനം സമര്ഥിക്കുന്നു.

താക്കോല്വാക്കുകള്: സാക്ഷരമാധ്യമസംവേദനത്വം, ചിത്രീകരണം, ദൃശ്യപരത, വാഗ്രൂപഭാഷ്യം, വാസുദേവന്നമ്പൂതിരി

കലാകാരന് എന്ന 'പലവക'യും

സാക്ഷരമനുഷ്യന്റെ കലാചരിത്രവും

കവിത ബാലകൃഷ്ണന്

സംഗ്രഹം

അച്ചടിച്ചിത്രങ്ങളുടെ സങ്കീര്ണമായ നിര്മിതിയും ഉപയോഗവും ഉപഭോഗവും പരിഗണിക്കുമ്പോള് കേരളത്തിലെ സാക്ഷരമനുഷ്യന്റെകലാചരിത്രത്തില് മലയാളിയുടെ ആധുനികജീവിതത്തിന്റെ സാംസ്കാരികമായ രജിസ്റ്റര് നിര്മിക്കാം. സാക്ഷര-മാധ്യമ-മധ്യവര്ഗ മലയാളി പരസ്പരം രേഖപ്പെടുത്താനും അധികാരം പ്രയോഗിക്കാനും പ്രത്യേകം ചില സ്വത്വവാദങ്ങള് സ്ഥാപിക്കാനുംവേണ്ടി നിര്മിച്ച ബിംബങ്ങളുടെ നിര്മാണത്തിലെ രാഷ്ട്രീയം ഉരുത്തിരിച്ചുകൊണ്ട് മലയാളിയുടെ ആധുനിക ജീവിതത്തില് ഉണ്ടായ 'കലാകാരന് എന്ന പലവക'യെ വരവുവെക്കുന്നു. ഇന്ത്യയിലെ പ്രാദേശിക ജനതാരൂപവല്ക്കരണങ്ങളുടെ നിര്മിതിരഹസ്യങ്ങള് പലതരം

ഇന്ത്യന് പ്രാദേശികതകളില്നിന്ന് ഇനിയും പൊടിതട്ടിയെടുക്കേണ്ടതായ വളരെയധികം വസ്തുതകളും ഭൗതികതയും പ്രയോഗങ്ങളും അവയുടെ സാംസ്കാരിക പദവിമൂല്യങ്ങളുടെ പ്രത്യേകതകളും ഉള്ച്ചേര്ന്ന് സങ്കീര്ണമായി കട്ടപിടിച്ച് കിടക്കുന്നതാണ്. അത് രാഷ്ട്രവാദപരവും ദേശീയവാദസംബന്ധവുമായ ബിംബങ്ങളിലും അവയുടെ അക്ഷരാര്ഥനിര്മാണശേഷിയിലും അത്തരത്തില് നിലവിലുള്ള കലാചരിത്രത്തിലും ഒതുങ്ങിനില്ക്കുന്ന ഒന്നല്ല.

താക്കോല്വാക്കുകള്: കലാചരിത്രം, ആധുനികതാപഠനം, അച്ചടിസംസ് കാരം, ആധുനിക കല, ആര്ക്കൈവല് പഠനങ്ങള്, മാധ്യമചരിത്രം

Form and the Art of the Possible: Genealogies of the Human Figure in Contemporary Art in Kerala

Ajay S. Sekher

Abstract

The paper probes the evolution and genealogies of the human figure and figurative painting styles in contemporary art in Kerala. The colonial modernity and Company style of painting are discussed in hindsight. The emergence of modern painters like Ravi Varma is critically contextualized in the socio political contexts of the western intervention and new genres. The attempts and problems of decolonization involved in the quests of Panikar and Devan are also closely reread and rehabilitated in the analyses. The evolution of the rock art and prehistoric art in Kerala and the development of its subtle visual idiom in the Buddhist frescoes and mural traditions in various south Indian and south Asian locations are also traced so as to develop an indigenous critique of modernity and its visual idiom from below. A survey of contemporary Kerala art and artists from this comparative and culturalist perspective are also part of the explorations.

Key Words: colonial modernity, indigenous modernity, counter cultures of modernity, human form, figurative painting, native visual idiom, hegemony, erasure

Monuments of love and hate:

completion of nihilism

in K.P. Soman

Sandip K. Luis

bstract

The development of Malayali artist K.P. Soman's more than three decades long career is analysed, by giving special reference to his recent shift to monumental public art. Soman's artistic development is overviewed in the first part of the paper, by highlighting its internal tensions and contradictions. In the second part, the writer contextualise these aspects historically and philosophically, by comparing

Soman's interventions with that of the Indian Radical Painters and Sculptors Association (a short-lived collective composed mainly of Malayali artists and formed in Baroda, 1987). The third and final part of the paper explains how Soman's turn to monumental aesthetic is an ingenious solution found by the artist, confronted with the ideological closure of the twentieth century and its ideals. Such a revaluation of monumental aesthetic is crucial to understand the persisting 'contemporaneity' of Soman, in spite of the prevalent 'antimonumentalism' that characterises contemporary art and art discourses.

Key words: monument, melancholy, failure, nihilism, twentieth century

## സദാചാരം, നഗ്നത, കല

ഷാജു നെല്ലായി

സംഗ്രഹം

സ്ത്രീ, നഗ്നത, സദാചാരം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുണ്ടാകുന്ന കലയെ പരിശോധിക്കുകയാണ് ഈ ലേഖനത്തിലൂടെ. പലപ്പോഴും കാല്പ്പനികമായി എന്നല്ല, അതികാല്പ്പനികമായാണ് മേല്പ്പറഞ്ഞ വിഷയത്തെ പല കലാകാരന്മാരും സമീപിക്കുന്നത്. പുരുഷനോട്ടം, പലതരത്തിലുമുള്ള അവന്റെ രാഷ്ട്രീയ-സാമൂഹിക അധീശത്വം, കമ്പോളം തുടങ്ങിയ കാര്യങ്ങള് അതില് എങ്ങനെ പ്രതിഫലിക്കുന്നുവെന്നും ഇവിടെ പരിശോധിക്കുന്നുണ്ട്.

താക്കോല്വാക്കുകള്: പുരുഷകേന്ദ്രിത സാംസ്കാരികാധീശത്വം, കാല്പ്പനികവല്ക്കരണം, സൗന്ദര്യ സങ്കല്പ്പങ്ങള്, ദൃശ്യമാധ്യമങ്ങള്

## കലാലോകം എന്ന സങ്കല്പ്പവും 'മലയാളി-കലയുടെ' ചരിത്രവല്ക്കരണവും

സുധീഷ് കോട്ടേമ്പ്രം

സംഗ്രഹം

ഭാഷാസമൂഹമെന്ന നിലയില് മലയാളിയുടെ കലയെ നിര്ണയിക്കുന്ന ഘടകങ്ങള് എന്തൊക്കെയാണെന്നും 'കലാലോകം' എന്ന ആശയവുമായി തദ്ദേശീയകല എങ്ങനെ സംവദിക്കുന്നു എന്നും അന്വേഷിക്കുന്നു. കലാസൃഷ്ടിക്കൊപ്പം കലാചിന്തയെ സംഘാടനം ചെയ്

തെടുക്കാന് കഴിയാതിരിക്കുന്ന സാഹചര്യംകൂടി വിമര്ശനാത്മകമായി വിലയിരുത്തുന്നു.

താക്കോല്വാക്കുകള്: കലാലോകം, മലയാളി, ആധുനിക കല, സാഹിതീയഭാവന, സ്ഥാപനവല്ക്കരണങ്ങള്

## പരസ്യം പതിക്കരുത്: ചുവരെഴുത്തിന്റെ കല ഭാവുകത്വപരിണാമത്തിന്റെ

## നൂറ്റാണ്ടുകളില്

സ്വപ്ന ശ്രീനിവാസന്

സംഗ്രഹം

ദേശീയതയുടെ ആവിര്ഭാവകാലംമുതലുള്ള പരസ്യങ്ങളുടെ വിശകലനത്തിലൂടെ കേരളീയപരസ്യകലയുടെ ഭാവുകത്വപരിണാമത്തിന്റെയും ലോകബോധരൂപീകരണത്തിന്റെയും നാള്വഴികള് പരിശോധിക്കുകയും കാര്യകാരണബന്ധം കണ്ടെത്തുകയും ചെയ്യുന്നു.  പിയര് ബോര്ദ്യൂ ആ കാലഘട്ടത്തിലെ ഫ്രഞ്ചു ജനതയുടെ സാംസ് കാരിക മൂലധനത്തിന്റെയും സാമ്പത്തികശേഷിയുടെയും മാനദണ്ഡങ്ങള് ആധാരമാക്കി അവരുടെ താല്പ്പര്യങ്ങളും അഭിരുചികളും സാമൂഹികപദവിയും എങ്ങനെയാണു രൂപപ്പെടുന്നത് എന്ന് ഡിസ്റ്റിങ്ഷന്സ് എന്ന കൃതിയില് പഠിച്ചിരിക്കുന്നതാണ് ഈ അന്വേഷണത്തിന്റെ മാതൃക.

താക്കോല്വാക്കുകള്: ഇമാജിന്ഡ് കമ്യൂണിറ്റീസ്, കലാചരിത്രരചന, കാലിഗ്രാഫി, ചുവരെഴുത്ത്, ടൈപ്പോഗ്രഫി, ഡിസ്റ്റിങ്ഷന്സ്, നഗരത്തിണ, ബെനഡിക്റ്റ് ആന്ഡേഴ്സണ്, മൂന്നാംസംസ്കാരം, പിയേര് ബോര്ദ്യൂ, പ്രമേയാധിഷ്ഠിതസമൂഹം, വര്ക്ക് ഒഫ് ആര്ട്ട്, വാള്ട്ടര് ബെഞ്ചമിന്, സാംസ് കാരികഭൂമിശാസ്ത്രം

## വാക്കും ദൃശ്യവും:

## കേരളത്തിലെ ആധുനിക

## കലാവ്യവഹാരത്തിന്റെ രൂപപ്പെടല്

ബിപിന് ബാലചന്ദ്രന്

സംഗ്രഹം

കേരളത്തിലെ ദൃശ്യകലാരംഗത്ത് രൂപംകൊണ്ട ആധുനികതാവാദത്തെ ചരിത്രവല്ക്കരിക്കുന്നതിനായി ദൃശ്യ-വാക്സംഘര്ഷത്തെ അടിസ്ഥാനമാക്കിയുള്ള ഒരു രീതിശാസ്ത്രം ഈ പഠനം മുമ്പോട്ടുവെക്കുന്നു. രവിവര്മയില്തുടങ്ങി വികസിച്ച യഥാതഥവാദപരമായ മനോനിലയെ സാഹിത്യം ഉപയോഗപ്പെടുത്തി. തുടര്ന്ന് ദൃശ്യകലാരംഗത്ത് വാഗ്രൂപസമാനതയ്ക്കുവേണ്ടിയുള്ള അന്വേഷണം ആരംഭിച്ചു. അറുപതുകളിലെ ആധുനികതാവാദത്തിനുള്ളിലെ വ്യത്യസ്തധാരകളുടെ, വാക്-ദൃശ്യസംഘര്ഷത്തിനുനേരേയുള്ള പ്രതികരണങ്ങള്, കെ.സി.എസ്. പണിക്കര് വാക്-ദൃശ്യസംഘര്ഷത്തെതന്നെ വിഷയമായി സ്വീകരിച്ചുകൊണ്ട് ആധുനികതയില്നിന്ന് പുറത്തുകടക്കാന് നടത്തിയ ശ്രമം തുടങ്ങിയവ പ്രതിപാദിക്കുന്നു.

താക്കോല്വാക്കുകള്: ആധുനികതാവാദങ്ങള്, ദേശീയ ആധുനികതാവാദം, വാക്-ദൃശ്യസംഘര്ഷം, അന്തര്വിഷയിത്വം, ദൃശ്യപരത